പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1719 06.03.2017-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി,സി ജീവനക്കാരുടെ ശമ്പളവും പെൻഷനും

| ചോദ്യം<br>ശ്രീ. മഞ്ഞളാംകുഴി അലി | | ഉത്തരം<br>ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പു മന്ത്രി) | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കെ.എസ്.ആർ.ടി.സി ജീവനക്കാർക്ക് ശമ്പളവും പെൻഷൻകാർക്ക് പെൻഷനും യഥാസമയം വിതരണം ചെയ്യാൻ കഴിയാത്തത് എത്ര തവണയാണെന്ന് അറിയിക്കുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 2016 മെയ്, ആഗസ്റ്റ് മാസങ്ങൾ ഒഴികെയുള്ള മാസങ്ങളിലെ ശമ്പള വിതരണവും 2016 മെയ് മുതൽ ഒക്ടോബർ വരെയുള്ള മാസങ്ങളൊഴികെയുള്ള മാസങ്ങളിലെ പെൻഷൻ വിതരണവും യഥാസമയം വിതരണം ചെയ്യുന്നതിന് കാലതാമസം ഉണ്ടായിട്ടുണ്ട്. |
| (ബി) | ശമ്പള വിതരണം തടസ്സപ്പെടുന്നത് ഒഴിവാക്കുന്നതിന് കെ.എസ്.ആർ. ടി.സി യ്ക്കോ വകുപ്പ് മന്ത്രിക്കോ ഏതെങ്കിലും തലത്തിലുള്ള നിർദ്ദേശം മുഖ്യമന്ത്രിയിൽ നിന്നും ലഭിച്ചിട്ടുണ്ടോ; | (ബി) | ലഭിച്ചിട്ടില്ല. |
| (സി) | ശമ്പള വിതരണം തടസ്സപ്പെടുന്ന സാഹചര്യം ചർച്ച ചെയ്യുന്നത് സംബന്ധിച്ച് എത്ര ഉന്നതതല യോഗങ്ങൾ നടന്നിട്ടുണ്ടെന്നും ഇതുമായി ബന്ധപ്പെട്ട് എന്തെല്ലാം തീരുമാനങ്ങൾ കൈക്കൊണ്ടിട്ടുണ്ടെന്നും അറിയിക്കാമോ? | (സി) | ശമ്പളം വിതരണം തടസ്സപ്പെടുന്ന സാഹചര്യം ചർച്ച ചെയ്യുന്നതിന് അംഗീകൃത തൊഴിലാളി സംഘടനകളും, മാനേജ്മെന്റുമായി 3 തവണ ഉന്നതതല യോഗങ്ങൾ നടന്നിട്ടുണ്ട്.<br>(20/12/2016, 03/01/2017/ 02/02/2017) യോഗ തീരുമാനങ്ങൾ ഇവയാണ്.<br>ശമ്പള വിതരണം തടസ്സപ്പെടുന്നത് എങ്ങനെ പരിഹരിക്കാം എന്നത് സംബന്ധിച്ച് ടി യോഗങ്ങളിൽ ചർച്ച ചെയ്യുകയും. ബാങ്ക്, മറ്റ് ധനകാര്യ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നും വായ്പ ലഭ്യ |

മാക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുന്നതിനും ശമ്പളവും പെൻഷനും വായ്പലഭ്യമാക്കുന്ന മുറയ്ക്ക് വിതരണം ചെയ്യുന്നതിനും തീരുമാനിച്ചു.

6% ക്ഷാമബത്ത നൽകുന്നത് താൽക്കാലികമായി മരവിപ്പിച്ച കെ.എസ്.ആർ.ടി. കോർപ്പറേഷന്റെ ഭരണ സമിതി തീരുമാനം സർക്കാർ പുനഃപരിശോധിച്ച് 6% ക്ഷാമബത്ത ഡിസംബർ മാസം മുതലുള്ള ശമ്പളത്തോടൊപ്പം നൽകുന്നതിനും തീരുമാനിച്ചു.

KTDFC യുമായുള്ള കെ.എസ്.ആർ.ടി.സി യുടെ വായ്പകളും, കുടിശ്ശികകളും സംബന്ധിച്ച കണക്ക് ഒരു ചാർട്ടേഡ് അക്കൗണ്ടന്റിന്റെ സഹായത്തോടെ പരിശോധിച്ച് വ്യക്തത വരുത്തുന്നതിനു തീരുമാനിച്ചു.

ചർച്ചയിൽ ഉന്നയിക്കപ്പെട്ട ആശങ്കകൾ സംബന്ധിച്ച് ചെയർമാൻ & മാനേജിംഗ് ഡയറക്ടറും എക്സിക്യൂട്ടീവ് ഡയറക്ടർമാരും കൂടിയാലോചിച്ച് വ്യക്തമായ ധാരണ വരുത്തിയതിന് ശേഷം സ്ഥാപനത്തെ മെച്ചപ്പെടുത്തുന്നതരത്തിലുള്ള നിർദ്ദേശങ്ങൾ നടപ്പിലാക്കുവാൻ തീരുമാനിച്ചു.

തുടർ മാസങ്ങളിലെ ശമ്പളം മാസാവസാന ദിവസം നൽകുന്നതിനുള്ള നടപടികൾ കാലേക്കൂട്ടി ചർച്ച ചെയ്ത് നടപ്പാക്കുന്നതിനും തീരുമാനിച്ചു.

(ഒപ്പ്)

സെക്ഷൻ ഓഫീസർ